## 1105

സത്യത്തിന്റെ പാതയിൽ സ്നേഹത്തിൻ കൊടിയുമായ്
സാക്ഷികൾ സമൂഹമേ മുന്നേറിടാം

1 ഏകനാഥൻ യേശുവിൻ ജേതാക്കളെ ഏകാത്മാവിൻ ബലം ധരിക്കുവിൻ
ശുദ്ധരാകുവിൻ ശക്തരാകുവിൻ ഘോരനായ ശത്രുവോടു പോരാടുവിൻ

2 ആത്മാവിൻ സർവ്വായുധങ്ങൾ നാം ധരിക്കണം വിശ്വസമാം പരിച ഏന്തണം
അരയ്ക്കു സത്യവും നീതി കവചവും
രക്ഷയിൻ ശിരസ്ത്രവുമണിഞ്ഞൊരുങ്ങണം-

3 തിന്മകൾ നമുക്കു നേരിടേണ്ടതുണ്ടു-നാം നന്മകളാൽ ജയം വരിക്കേണം
പാപത്തോടു നാം പോരാടണം പ്രാണത്യാഗത്തോളമെതിർത്തു നിൽക്കണം

4 ശത്രുവോടെതിർക്കുവാൻ ജയം നേടുവാൻ
ആത്മാവിൻശക്തി സംഭരിക്കുവാൻ ഉപവസിക്കണം-പ്രാർത്ഥിക്കണം
ഇടവിടാതെ സ്തോത്രത്തിൽ ജാഗരിക്കണം-